# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## ദൈവത്തിന്റെ നാമത്തിൽ യുദ്ധം നടത്താൻ നിങ്ങൾക്ക് കഴിയില്ല



ഞായറാഴ്ചയിലെ ആഞ്ചലുസ് പ്രാർത്ഥനയ്ക്കു മുൻപ് ഇറാഖിലെയും ഗാസ യിലെയും ജനങ്ങൾക്കുവേണ്ടി ഫ്രാൻസിസ്പാപ്പാ പ്രാർത്ഥനാസഹായം അപേക്ഷിച്ചു. ഈ ആഴ്ചകളിലുടനീളം ഫ്രാൻസിസ്പാപ്പാ നിരവധി ട്വിറ്റുകളിലൂടെ ഇറാഖിലെ ജനത യ്ക്കുവേണ്ടി പ്രാർത്ഥനാസഹായം അപേക്ഷിച്ചിരുന്നു.

ഇറാഖിലെ സ്ഥിതിയെക്കുറിച്ച് പാപ്പാ പറയുന്നു. "ഇറാഖിൽനിന്നും ലഭിച്ച വാർ ത്തകൾ ഞെട്ടിപ്പിക്കുന്നതും വിശ്വസിക്കാൻ കഴിയാത്തതുമായിരുന്നു. ക്രൈസ്തവരുൾ പ്പെടെ ആയിരക്കണക്കിനു ജനങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടു, പലായനം ചെയ്യപ്പെട്ടു, രക്ഷപെടുന്നതിനിടയിൽ കുഞ്ഞുങ്ങൾ വിശപ്പുകൊണ്ടും ദാഹംകൊണ്ടും മരിച്ചു, സ്ത്രീകളെ തട്ടിക്കൊണ്ടുപോയി, എല്ലാ തരത്തിലുമുള്ള ക്രൂരതകൾ അവിടെ സംഭവിച്ചു, വീടുകൾ തകർക്കപ്പെട്ടു, മതസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു, ചരിത്രപരവും സാംസ്കാരികപരവുമായ പൈതൃകസ്വത്തുക്കൾ തകർക്കപ്പെട്ടു."

"മാനവികതയ്ക്കും ദൈവത്തിനുമെതിരായ അവഹേളനമാണിത്. ദൈവത്തിന്റെ പേരിൽ ഒരിക്കലും വിദ്വേഷവും വെറുപ്പും സൃഷ്ടിക്കരുത്. ദൈവത്തിന്റെ പേരിൽ യുദ്ധങ്ങൾ ഉണ്ടാക്കുകയുമരുത്." പാപ്പാ കൂട്ടിച്ചേർത്തു.

ഇസ്ലാംമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യാൻ വിസമ്മതിച്ച ക്രൈസ്തവരെ നാടുകടത്തുകയോ കൊല്ലുകയോ ചെയ്താണ് ഇസ്ലാംതീവ്രവാദികൾ പ്രതികാരം ചെയ്തത്. ബൈബിളിൽ പരാമർശിച്ചിരിക്കുന്ന നിനവേ നഗരത്തിലും മൊസൂളിലുമാണ് ഇസ്ലാംസൈന്യം ആക്രമണം നടത്തിയിരുന്നത്. നിഷ്കളങ്കരായ കുഞ്ഞുങ്ങളെയും നിരപരാധികളെയും കൊന്നൊടുക്കുന്ന ഈ സംഘർഷത്തിന് അറുതിവരുത്താൻ സഹായിക്കണമെന്ന് ദേശീയ, അന്തർദ്ദേശീയസംഘടനകളോടും നേതാക്കളോടും പാപ്പാ ആഹ്വാനം ചെയ്തിരുന്നു.